(ഡി) ഇപ്പോൾ സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. ഇക്കാര്യത്തിൽ പ്രത്യേകം നിർദ്ദേശം എല്ലാ കോളേജുകൾക്കും കോളേജു വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രത്യേകം താമസിപ്പിച്ച സംഭവം

14 (1679) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം സെന്റ് തെരേസാസ് കോളേജ് ഹോസ്റ്റലിൽ പട്ടികജാതി വിദ്യാർത്ഥികളെ പ്രത്യേകം മാറ്റി താമസിപ്പിച്ചത് സംബന്ധിച്ച പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പരാതിയിൻമേൽ പട്ടികവർഗ്ഗ വികസന ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന അന്വേഷണം നടത്തുകയുണ്ടായി. അവർ നൽകിയ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

കുഴൽമന്ദം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി തുക

15 (1680) ശ്രീ. എം. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 'സമ്പൂർണ്ണ പാർപ്പിട' പദ്ധതി നടപ്പിലാക്കുന്നതിനായി തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എരിമയൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ;

(സി) പിന്നോക്ക പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായിട്ടുള്ള ഫണ്ടിൽ നിന്നും 'സമ്പൂർണ പാർപ്പിട പദ്ധതിക്ക്, തുക നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly